<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3598</u>** **<u>27-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>എല്ലാ കൃഷി ഭവനുകളിലൂടെയും പച്ചത്തേങ്ങ സംഭരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും പച്ചത്തേങ്ങ സംഭരണം തുടങ്ങുവാൻ സാധിക്കുമോ; വിശദമാക്കാമോ; | (എ) | കൃഷി ഭവനുകളിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം കുറവായതിനാലും കൃഷി ഭവൻ ഉദ്യോഗസ്ഥർ വിവിധ കാർഷിക വിജ്ഞാന പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും ഏർപ്പെടുന്നതിനാലും നിലവിലെ സ്ഥിതിയിൽ കൃഷി ഭവൻ മുഖേന പച്ചത്തേങ്ങ സംഭരണം നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യമാണ്. എന്നാൽ പച്ചത്തേങ്ങ സംഭരണം ആവശ്യമുള്ള സ്ഥലങ്ങളിൽ സംഭരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് കർഷക പെൻഷന് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കർഷക പെൻഷനുവേണ്ടി കൃഷി ഭവനുകളിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം കാർഷിക വികസന സമിതിയുടെ അംഗീകാരത്തോടുകൂടി 2021-ഒക്ടോബർ മാസം കൃഷി ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ ഉൾപ്പെട്ട പുതിയ ഗുണഭോക്താക്കളിൽ (6765എണ്ണം) നിന്നും വിവിധ സാമൂഹിക സുരക്ഷ പെൻഷൻ സ്കീമുകൾ പ്രകാരം പെൻഷൻ ലഭിക്കാൻ അർഹരായവരെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2023 മെയ് മാസം ലഭ്യമായ കർഷക പെൻഷന് അർഹരായ പുതിയ ഗുണഭോക്താക്കളുടെ (6201 എണ്ണം) പുതുക്കിയ ലിസ്റ്റ് നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി കോൾ പാടശേഖരങ്ങൾക്ക് ആവശ്യമായ 20, 30, 50 എച്ച്.പി. പമ്പ് സെറ്റുകൾ വിതരണം ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (സി) | ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ